# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 27**

---

# ജൈവ ആന്റി ഓക്സിഡന്റ് നിർമാണത്തിന് എം.ജി സർവകലാശാല-കാംലിൻ ധാരണ

ഭക്ഷ്യോത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപകരിക്കുന്ന ജൈവ ആന്റി ഓക്സിഡന്റ് വികസിപ്പിക്കുന്നതിന് എംജിയു ഇന്നവേഷൻ ഫൗണ്ടേഷനും കാംലിൻ ഫൈൻ സയൻസസ് ലിമിറ്റഡും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. നിലവിൽ സർവകലാശാലയിലെ ഇന്നവേഷൻ ഫൗണ്ടേഷനിൽ നടന്നുവരുന്ന പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കുശേഷം വാണിജ്യോത്പാദനത്തിന് തുടക്കം കുറിക്കും.

ഇപ്പോൾ ഭക്ഷ്യോത്പന്ന മേഖലയിൽ സിന്തറ്റിക്ക് ആന്റി ഓക്സിഡന്റുകളാണ് പൊതുവെ ഉപയോഗിച്ചുവരുന്നത്. പൂർണ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടാണ് ജൈവ ആന്റി ഓക്സിഡന്റിന് മുൻഗണന നൽകുന്നതെന്ന് കാംലിന്റെ ജൈവ ആന്റി ഓക്സിഡന്റ് വിഭാഗം ടെക്നിക്കൽ മേധാവി വി.എ. ഷാജു പറഞ്ഞു.

കാംലിൻ ഫൈൻ സയൻസസ് നൽകുന്ന ജൈവ ദ്രാവകം ഇന്നവേഷൻ ഫൗണ്ടേഷനിലെ സ്പ്രേ ഡയറിലൂടെ കടത്തിവിട്ട് പൊടി രൂപത്തിലുള്ള ആന്റി ഓക്സിഡന്റാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇവിടെ ഇതിനോടകം തയ്യാറാക്കിയ ഉത്പന്നത്തിന്റെ വിശദ പരിശോധനകൾ അന്തിമ ഘട്ടത്തിലാണെന്ന് ഇന്നൊവേഷൻ ഫൗണ്ടേഷൻ ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് പറഞ്ഞു.

ഇൻസ്ട്രുമെന്റ് ബോക്സ് ഉൾപ്പെടെയുള്ള പഠന സാമഗ്രികളിലൂടെ സാധാരണക്കാർക്ക് ഏറെ പരിചിതമായ കാംലിൻ കമ്പനിയുടെ കെമിക്കൽ ബിസിനസ് സ്ഥാപനമാണ് കാംലിൻ ഫൈൻ സയൻസസ്. ടെർഷ്യറി ബ്യൂട്ടൈൽ ഹൈഡ്രോക്വിനോൺ എന്ന ആന്റി ഓക്സിഡന്റിന്റെ ലോകത്തിലെ ഏറ്റവും വലിയ ഉത്പാദകരാണ് ഈ കമ്പനി. വളർത്തു മൃഗങ്ങളുടെ ഭക്ഷണം, ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും, ജൈവ ഇന്ധനം തുടങ്ങി വിവിധ മേഖലകളിൽ സുരക്ഷ ഉറപ്പാക്കുന്ന രാസ പദാർത്ഥങ്ങൾ നിർമിച്ചുവരുന്നു.

ഇത്തരമൊരു സ്ഥാപനവുമായി പുതിയൊരു മേഖലയിൽ സഹകരിച്ചു പ്രവർത്തിക്കാൻ കഴിയുന്നത് എംജിയു ഇന്നവേഷൻ ഫൗണ്ടേഷനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണെന്ന് വൈസ് ചാൻസലർ ഡോ. സിടി. അരവിന്ദകുമാർ പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ..**

ജൈവ ആന്റി ഓക്സിഡന്റ് നിർമാണത്തിനുള്ള ധാരണാ പത്രം മഹാത്മാ ഗാന്ധി സർവകലാശാ വൈസ് ചാൻലർ ഡോ. സി.ടി. അരവിന്ദകുമാറും കാംലിൻ ഫൈൻ സയൻസ് ലിമിറ്റഡ് പ്രതിനിധി വി.എ. ഷാജുവും പ്രദർശിപ്പിക്കുന്നു

(പി.ആർ.ഒ/39/402/2024)

## ഓണേഴ്സ് ബിരുദ അപേക്ഷ; പിശകുകൾ ഒഴിവാക്കാൻ ഹെൽപ്പ് ഡസ്കുകളുടെ സഹായം തേടാം

എം.ജി സർവകലാശാലയുടെ അഫിലിയേറ്റ് കോളജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക പ്രവശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് ഹെൽപ്പ് ഡസ്കുകളുടെ സഹായം തേടാം. എല്ലാ കോളജുകളിലും സൗജന്യ ഹെൽപ്പ് ഡസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. 176 കോളജുകളിലായി അൻപതിനായിരത്തിലധികം സീറ്റുകളാണുള്ളത്.

സർവ്വകലാശാല ക്യാപ് വെബ്സൈറ്റിലെ (https://cap.mgu.ac.in) പ്രോഗ്രാം-കോളജ് കോമ്പിനേഷനുകൾ പരിശോധിച്ച് ആവശ്യമായ ഓപ്ഷനുകൾ മനസിലാക്കിയാണ് അപേക്ഷ നൽകേണ്ടത്. ഇങ്ങനെ അപേക്ഷ സമർപ്പിക്കുമ്പോൾ പിശകുകൾ സംഭവിക്കുന്നത് ഒഴിവാക്കാൻ ഹെൽപ്പ് ഡസ്കുകളുടെ സേവനം ഉപകരിക്കും. കോളജുകളിലെ ഹെൽപ്പ് ഡെസ്കുകളുടെ ഫോൺ നമ്പറുകൾ ക്യാപ്പ് വെബ്സൈറ്റിലുണ്ട്.

സ്പോർട്സ്/കൾച്ചറൽ/ ഭിന്നശേഷി വിഭാഗങ്ങളിൽ സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും പ്രവേശനത്തിന് ഓൺലൈനിലാണ് അപേക്ഷിക്കേണ്ടത്. ഈ വിഭാഗങ്ങളിലെ രജിസ്ട്രേഷനും കോളജുകളിലെ ഹെൽപ്പ് ഡസ്കുകളുടെ സഹായം ലഭിക്കും.

സർവ്വകലാശാലാ കാമ്പസിലെ 4 + 1 ഓണേഴ്സ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനും ക്യാപ് വെബ്സൈറ്റിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യാം. കോളജുകളിലെയും സർവകലാശാലാ കാമ്പസിലെയും പ്രോഗ്രാമുകളെക്കുറിച്ച് മുൻകൂട്ടി മനസിലാക്കി നേരത്തെ രജിസ്ട്രേഷൻ നടത്തുന്നതു വഴി അവസാന ഘട്ടത്തിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാനാകും.

(പി.ആർ.ഒ/39/403/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ സിബിസിഎസ്(ന്യു സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) ഏപ്രിൽ 2024 പരീക്ഷകൾ ജൂൺ 13ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

മൂന്നും നാലും സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംഎസ്സി, എംകോം(സിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2024 പരീക്ഷകൾ ജൂൺ 11ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

രണ്ടാം സെമസ്റ്റർ സിബിസിഎസ്(ന്യു സ്കീം - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020,2021,2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി സൈബർ ഫോറൻസിക്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2024 പരീക്ഷകൾ ജൂൺ 14ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

നാലാം സെമസ്റ്റർ ബി.വോക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷൻ റീഅപ്പിയറൻസ് - ന്യു സ്കീം) പരീക്ഷകൾ ജൂൺ 10ന് തുടങ്ങും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/404/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ എംഎ, എഎസ്സി, എംകോം, എംസിജെ, എംടിഎ, എംടിടിഎം, എംഎച്ച്എം, എംഎംഎച്ച്(സിഎസ്എസ് - 2018 അഡ്മിഷൻ സപ്ലിമെൻററി, 2015,2016,2017 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ മൂന്നു മുതൽ ഏഴു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

ജൂൺ എട്ടു മുതൽ 12 വരെ ഫൈനോടു കൂടിയും ജൂൺ 13 മുതൽ 15 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

......................

മൂന്നും നാലും സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ,ബികോം(സിബിസിഎസ്എസ് - 2013,2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 20 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജൂൺ 22 വരെ ഫൈനോടു കൂടിയും ജൂൺ 24 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/405/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബയോഇൻഫോമാറ്റിക്സ്(സിബിസിഎസ്, ന്യൂ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് 31ന് ഇടത്തല എംഇഎസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/406/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**